## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 319 | 25.04.2017 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടികൾക്ക് സ്വന്തം കെട്ടിടം** | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി യു. പ്രതിഭ ഹരി**<br>**ശ്രീ.വി. അബ്ദുറഹിമാൻ**<br>**,, വി. ജോയി**<br>**,, കെ.ജെ. മാക്സി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)** |
| (എ) സംസ്ഥാനത്തെ മുഴുവൻ അംഗൻവാടികൾക്കും സ്വന്തം കെട്ടിടം നിർമ്മിച്ച് നൽകാൻ പദ്ധതിയുണ്ടോ; | (എ) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ അങ്കണവാടികൾക്കും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് 3 വർഷം കൊണ്ട് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) എങ്കിൽ ഇതിനായുള്ള സ്ഥലം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിന് വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ പുറമ്പോക്ക് ഭൂമി, ഉപേക്ഷിക്കപ്പെട്ട റോഡുകൾ, മറ്റു വകുപ്പുകളുടെ ഭൂമി, എന്നിവ വിട്ടു കിട്ടുന്നതിന് നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് സംസ്ഥാന ചീഫ് സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജനപ്രതിനിധികൾ, അങ്കണവാടിതല മോണിറ്ററിംഗ് ആന്റ് സപ്പോർട്ട് കമ്മിറ്റി അംഗങ്ങൾ, അങ്കണവാടി പ്രവർത്തകർ, പൊതു ജനങ്ങൾ എന്നിവരുടെ സഹായത്തോടെ സ്ഥലം കണ്ടെത്തി ബന്ധപ്പെട്ട ജില്ലാകളക്ടർക്ക് റിപ്പോർട്ട് ചെയ്തു വരുന്നു. നിലവിൽ ഇത്തരത്തിൽ 940 സ്ഥലങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങൾ വകുപ്പിന് കൈമാറേണ്ടതുണ്ട്. അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് |

| | |
|---|---|
| | സൗജന്യമായി സ്ഥലം ലഭ്യമാക്കുന്നവരുടെ ആശ്രിതർക്ക് അങ്കണവാടി പ്രവർത്തകരായി ജോലി നൽകുന്നതിന് വ്യവസ്ഥയുണ്ട്. കൂടാതെ സ്കൂൾ കോമ്പൗണ്ടുകളിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കാനും നിലവിൽ വ്യവസ്ഥയുണ്ട്. |
| (സി) അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം കാലാകാലങ്ങളിൽ വർദ്ധിപ്പിച്ച് നൽകി വരുന്നുണ്ട്. നിലവിൽ അങ്കണവാടി വർക്കർമാരുടെ ഹോണറേറിയം 6,600/- രൂപയിൽ നിന്ന് 10,000/- രൂപയായും ഹെൽപ്പർമാരുടെ ഹോണറേറിയം 5100/-രൂപയിൽ നിന്നും 7000/- രൂപയായും വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. |

Jayeyan

സെക്ഷൻ ഓഫീസർ